**13-ാം കേരള നിയമസഭ**

**13-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 511**
**10.03.2015 ലെ മറുപടിക്ക്**

**പങ്കാളിത്ത പെൻഷൻ ഇനത്തിൽ ശേഖരിച്ച തുക**

**ചോദ്യം**
ശ്രീ. കോടിയേരി ബാലകൃഷ്ണൻ

**ഉത്തരം**
ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പു മന്ത്രി

| | | |
|---|---|---|
| (എ) | 2013 ഏപ്രിൽ 1 മുതൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരിൽ നിന്നും ഇതിനകം പങ്കാളിത്ത പെൻഷൻ ഇനത്തിൽ എത്ര തുക ശേഖരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | 01.04.2013 നോ അതിനു ശേഷമോ സർവ്വീസിൽ പ്രവേശിച്ച ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാരിൽ നിന്നും 18,17,84,634 (പതിനെട്ടു കോടി പതിനേഴ് ലക്ഷത്തി എൺപത്തി നാലായിരത്തി അറുനൂറ്റി മുപ്പത്തിനാല്) രൂപ 28.02.2015 വരെ ശേഖരിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ പങ്കാളിത്ത ഇനത്തിൽ സർക്കാർ എന്തു തുക നിക്ഷേപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | ഇതിൽ പങ്കാളിത്ത ഇനത്തിൽ സർക്കാർ 18,17,84,634 (പതിനെട്ടു കോടി പതിനേഴ് ലക്ഷത്തി എൺപത്തി നാലായിരത്തി അറുനൂറ്റി മുപ്പത്തിനാല്) രൂപ 28.02.2015 വരെ നിക്ഷേപിച്ചിട്ടുണ്ട്. |
| (സി) | ജീവനക്കാരിൽ നിന്ന് ശേഖരി ച്ചതും സർക്കാർ പങ്കാളിത്തവും ചേർത്ത് ഇതിനകം എത്ര തുക സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചും 14.08.2008 ലെ കേന്ദ്ര സർക്കാരിലെ 5 (88)/2006- പി.ആർ എന്ന നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, |
| (ഡി) | സംസ്ഥാന ട്രഷറിക്കു പുറമെ ഏതെല്ലാം ധനകാര്യ സ്ഥാപന ങ്ങളിൽ എത്ര തുക വീതം നിക്ഷേപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | |

| | | |
|---|---|---|
| | | റുപ്പീ ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് ദേശീയ പെൻഷൻ പദ്ധതിയിലെ പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്നത്. പെൻഷൻ ഫണ്ടിലേക്ക് 28.02.2015 വരെ ജീവനക്കാരന്റെ വിഹിതവും സർക്കാർ വിഹിതവും ചേർത്ത് 36,35,69,268 (മുപ്പത്തിയാറ് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി ഇരുനൂറ്റി അറുപത്തിയെട്ട്) രൂപ നൽകിയിട്ടുണ്ട്. ദേശീയ പെൻഷൻ പദ്ധതിയിലെ പെൻഷൻ ഫണ്ട് നിക്ഷേപം സംബന്ധിച്ചുള്ള കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷനിൽ സംസ്ഥാന ട്രഷറി ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ദേശീയ പെൻഷൻ ഫണ്ട് സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**